ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 AM** | **പ്രധാനവാർത്തകൾ** | **DATE:06.04.2025**

1. രാജ്യത്തെ എൻജിനിയറിങ് വൈഭവത്തിന് മാറ്റു കൂട്ടുന്ന രാമേശ്വരത്തെ പുതിയ പാമ്പൻപാലം പ്രധാനമന്ത്രി നരേന്ദ്ര മോദി അല്പസമയത്തിനകം നാടിന് സമർപ്പിക്കും.

2. വഖഫ് ഭേദഗതി ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം, നിയമത്തിനെതിരെ സുപ്രീംകോടതിയെ സമീപിക്കുമെന്ന് മുസ്ലീംലീഗ്.

3. സിപിഐഎം 24-ാം പാർട്ടി കോൺഗ്രസിന് മധുരയിൽ ഇന്ന് സമാപനം; ബി ജെ പി സ്ഥാപക ദിനാഘോഷം രാജ്യമെങ്ങും പുരോഗമിക്കുന്നു.

4. ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ മന്ത്രി വീണാ ജോർജ് നിർവഹിക്കും. സംസ്ഥാനത്തെ സർക്കാരാശുപത്രികളിൽ മുൻകൂർ ടോക്കണും, ഡിജിറ്റൽ പണമിടപാടുകൾക്കും നാളെ തുടക്കം.

5. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഐ ലീഗ് ഫുടേബോളിൽ ഇന്ന് നിർണായക മത്സരങ്ങൾ.

**************************************************

RNU TVPM

## പ്രധാനമന്ത്രി - ശ്രീലങ്ക സന്ദർശനം

മൂന്നു ദിവസം നീണ്ട പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ശ്രീലങ്കൻ സന്ദർശനത്തിന് സമാപനം. രാവിലെ അനുരാധപുരിയിലെത്തിയ പ്രധാനമന്ത്രി, ജയ ശ്രീ മഹാബോധി ക്ഷേത്രത്തിൽ ദർശനം നടത്തി. തുടർന്ന് ഇന്ത്യൻ സഹായത്തോടെ നിർമ്മിക്കുന്ന 'മഹോ-ഒമന്തായി' റെയിൽവേ ലൈൻ ഇന്ത്യ - ശ്രീലങ്ക രാഷ്ട്രത്തലവന്മാർ സംയുക്തമായി ഉദ്ഘാടനം ചെയ്തു. ശ്രീലങ്കയുടെ വടക്കൻ പ്രദേശങ്ങളെ കൊളമ്പോയുമായി ബന്ധിപ്പിക്കുന്നതിൽ ഈ റെയിൽവെ പാതകൾ സുപ്രധാന പങ്ക് വഹിക്കുന്നു. തുടർന്ന് തമിഴ്നാട്ടിലേക്ക് പ്രധാനമന്ത്രി യാത്ര തിരിച്ചു.

***********************************

ഹെഡ്ലൈൻ-1

## പാമ്പൻപാലം - പ്രധാനമന്ത്രി

രാജ്യത്തെ എൻജിനിയറിങ് വിസ്മയങ്ങളിലൊന്നായി വിശേഷിപ്പിക്കുന്ന തമിഴ്നാട് രാമേശ്വരത്തെ പുതിയ പാമ്പൻപാലം പ്രധാനമന്ത്രി നരേന്ദ്രമോദി അല്പസമയത്തിനകം രാഷ്ട്രത്തിന് സമർപ്പിക്കും. രാമനാഥപുരം ജില്ലയിലെ പാമ്പൻ ദ്വീപിനെയും രാമേശ്വരത്തെയും വൻകരയുമായി ബന്ധിപ്പിക്കുന്ന കടൽപ്പാലമാണ് പാമ്പൻപാലം. ഇന്ത്യൻ റെയിൽവേയുടെ എൻജിനീയറിങ് വിഭാഗമായ റെയിൽ വികാസ് നിഗം ലിമിറ്റഡാണ് 535 കോടി രൂപ ചെലവിൽ പുതിയ പാലം നിർമിച്ചത്. സമുദ്രനിരപ്പിൽനിന്ന് ആറുമീറ്റർ ഉയരമുള്ള പുതിയ പാലത്തിന് 2.08 കിലോമീറ്ററാണ് ദൈർഘ്യം. കപ്പലുകൾക്ക് കടന്നുപോകാൻ ഒരു ഭാഗം ലംബമായി ഉയരുന്ന രാജ്യത്തെ ആദ്യ 'വെർട്ടിക്കൽ ലിഫ്റ്റിങ്' പാലമാണിത്. ചടങ്ങിൽ രാമേശ്വരത്തുനിന്ന്

RNU TVPM

പാമ്പൻപാലത്തിലൂടെ താംബരത്തേക്കുള്ള പുതിയ തീവണ്ടി സർവീസും ശ്രീ. മോദി ഉദ്ഘാടനം ചെയ്യും. കൂടാതെ 8,300 കോടി രൂപയുടെ റെയിൽ, റോഡ് പദ്ധതികൾക്കും പ്രധാനമന്ത്രി ഇന്ന് തുടക്കം കുറിക്കും. രാമേശ്വരം ക്ഷേത്രവും അദ്ദേഹം സന്ദർശിക്കും.

************************************

## വഖ്ഫ് ഭേദഗതി - അംഗീകാരം

വഖ്ഫ് ഭേദഗതി ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകാരം നൽകി. ഇതോടെ ബിൽ നിയമമായി. ലോക്സഭയിൽ വ്യാഴാഴ്ച അവതരിപ്പിച്ച ബിൽ 56 വോട്ടിന്റെ ഭൂരിപക്ഷത്തോടെയാണ് പാസായത് 288 അംഗങ്ങൾ ബില്ലിനെ പിന്തുണച്ചപ്പോൾ 232 അംഗങ്ങൾ എതിർത്തുവോട്ട് ചെയ്തു. രാജ്യസഭയിൽ വെള്ളിയാഴ്ച 128 അംഗങ്ങൾ അനുകൂലിച്ചും 95 പേർ എതിർത്തും ഈ ബില്ലിൻ മേൽ വോട്ട് ചെയ്തിരുന്നു. മുസൽമാൻ വഖ്ഫ് പിൻവലിക്കൽ ബിൽ 2025 നും രാഷ്ട്രപതി അംഗീകാരം നൽകി. രാജ്യത്തെ വഖ്ഫ് സ്വത്ത് പരിപാലനം, സുതാര്യത, കാര്യക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിൽ ഗണ്യമായ പരിഷ്കാരങ്ങൾ കൊണ്ടുവരിക എന്നതാണ് ഈ പുതിയ നിയമത്തിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

************************************

ഹെഡ്ലൈൻ-2

## പി കെ കുഞ്ഞാലിക്കുട്ടി

വഖഫ് ബിൽ, ന്യൂനപക്ഷങ്ങളുടെ അവകാശ പ്രശ്നമാണെന്നും അത് സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുമെന്നും മുസ്ലീം ലിഗ് നേതാവ് പി. കെ. കുഞ്ഞാലിക്കുട്ടി. സുപ്രീംകോടതിയിലെ മുതിർന്ന അഭിഭാഷകൻ കപിൽ സിബലുമായി നാളെ

RNU TVPM

ഡൽഹിയിൽ ഇത് സംബന്ധിച്ച് ചർച്ച നടത്തും. ഏത് വിഭാഗത്തിന്റെ പേരിലും നാളെ ഇതേ നടപടി ഉണ്ടാകാമെന്നും ശ്രീ കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുനമ്പം പ്രശ്നം രമ്യമായി പരിഹരിക്കുമെന്നും അതിൽ രാഷ്ട്രീയ മുതലെടുപ്പ് നടത്താൻ ചിലർ ശ്രമിക്കുന്നുണ്ട് എന്നും ശ്രീ കുഞ്ഞാലിക്കുട്ടി മലപ്പുറത്ത് പറഞ്ഞു.

************************************

## കെ.സുരേന്ദ്രൻ - വഖഫ്

വഖഫ് നിയമ ഭേദഗതിയിലൂടെ മുനമ്പത്തെ പ്രശ്നത്തിന് പരിഹാരം കാണാനുമെന്ന് ബിജെപി നേതാവ് കെ.സുരേന്ദ്രൻ പറഞ്ഞു. ബുധനാഴ്ച ന്യൂന പക്ഷകാര്യ മന്ത്രി കിരൺ റിജിജു മുനമ്പത്ത് വരുമെന്നും അദ്ദേഹം പറഞ്ഞു. മുനമ്പത്തെ ജനങ്ങളുടെ റവന്യു അവകാശം സംരക്ഷിക്കുന്നത് വരെ തങ്ങൾ ഒപ്പമുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

************************************

## വെള്ളാപ്പള്ളി നടേശൻ

മലപ്പുറത്തിനെതിരായ പരാമർശം എന്ന പേരിൽ തന്റെ പ്രസംഗത്തിന്റെ ഒരു ഭാഗം ചില മാധ്യമങ്ങൾ അടർത്തിയെടുത്ത് പ്രചരിപ്പിക്കുകയാണെന്ന് എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ. മതസൗഹാർദ്ദമാണ് എസ്എൻഡിപിയുടെ മുദ്രാവാക്യം എന്നും, തന്നെ മുസ്ലിം വിരോധിയാക്കി ചിത്രീകരിക്കാൻ ചിലർ ശ്രമിക്കുകയാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മലപ്പുറത്ത് ശ്രീനാരായണീയർക്ക് പിന്നാക്ക അവസ്ഥയാണുള്ളത്. അവിടെ സാമൂഹ്യനീതി ഇല്ല

എന്നാണ് താൻ പറഞ്ഞതെന്നും ശ്രീ വെള്ളാപ്പള്ളി നടേശൻ വിശദീകരിച്ചു.

************************************

ഹെഡ്‌ലൈൻ-3എ
## രാജീവ് ചന്ദ്രശേഖർ

ജനങ്ങളുടെ ജീവിതത്തിൽ മാറ്റം കൊണ്ടുവരാനാണ് കേരളത്തിലെ NDA മുന്നണി പ്രവർത്തിക്കുന്നത് എന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്ര ശേഖർ. വരുന്ന തിരഞ്ഞെടുപ്പുകളിൽ പാർട്ടി മികച്ച പ്രകടനം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. 'കൂടെയുണ്ട് ഞങ്ങൾ' എന്ന മുദ്രാവാക്യവുമായി എല്ലാ ജില്ലാ ഓഫീസുകളിലും ബിജെപി, ഇന്നുമുതൽ ഹെല്പ് ഡസ്ക് തുടങ്ങും. ഇതിലൂടെ പൊതു ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം നൽകാൻ പ്രവർത്തിക്കുമെന്നും ബിജെപി സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് തിരുവനന്തപുരത്ത് പാർട്ടി ആസ്ഥാനത്ത് നടന്ന പരിപാടിയിൽ ശ്രീ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

RNU TVPM

************************************

ഹെഡ്‌ലൈൻ-3
## സിപിഐഎം പാർട്ടി കോൺഗ്രസ്

മധുരയിൽ നടക്കുന്ന CPIM 24-ാം പാർട്ടി കോൺഗ്രസിന് ഇന്ന് സമാപനം. വൈകിട്ടു പൊതുസമ്മേളനത്തോടെയാണ് പരിപാടികൾ അവസാനിക്കുക. പുതിയ കേന്ദ്ര കമ്മിറ്റിയെയും പാർട്ടി ജനറൽ സെക്രട്ടറിയേയും സംബന്ധിച്ച ഒദ്യോഗിക പ്രഖ്യാപനം അല്പസമയത്തിനകം ഉണ്ടാകും. സിപിഐഎം ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് മലയാളിയും മുൻ

മന്ത്രിയുമായ എം. എ. ബേബിയെ പരിഗണിക്കുന്നതായി റിപ്പോർട്ടുണ്ട്.

************************************

ഹെഡ്‌ലൈൻ-4

**ലോകാരോഗ്യ ദിനം - വീണാ ജോർജ്ജ്**

ലോകാരോഗ്യ ദിനാചരണ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ തിരുവനന്തപുരം മെഡിക്കൽ കോളേജ് സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത് കോൺഫറൻസ് ഹാളിൽ മന്ത്രി വീണാ ജോർജ് നിർവഹിക്കും. ചടങ്ങിൽ 2022, 2023 വർഷങ്ങളിലെ മികച്ച ഡോക്ടർ അവാർഡുകൾ വിതരണം ചെയ്യും. സർക്കാരാശുപത്രികളിൽ മുൻകൂർ ടോക്കൺ, ഡിജിറ്റൽ പണമിടപാടുകൾ എന്നിവ ആരംഭിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

************************************

**ഓൺലൈനായി ഒപി ടിക്കറ്റ്, - വീണാ ജോർജ്**

RIJU TVPM

വിവിധ സേവനങ്ങൾക്കുള്ള തുക ഡിജിറ്റലായി അടയ്ക്കാൻ കഴിയുന്ന സംവിധാനങ്ങൾ സർക്കാർ ആശുപത്രികളിൽ സജ്ജമാക്കിയതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. ആദ്യഘട്ടത്തിൽ 313 ആശുപത്രികളിൽ ഡിജിറ്റലായി പണമടയ്ക്കാൻ കഴിയുന്ന സംവിധാനം ലഭ്യമാണ്. ശേഷിക്കുന്ന ആശുപത്രികളിൽ കൂടി ഈ സംവിധാനം ഒരു മാസത്തിനകം നിലവിൽ വരും. വിവിധ സേവനങ്ങൾക്ക് ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, യുപിഐ മുതലായവ വഴി പണമടക്കുന്നതിനുള്ള സൗകര്യമാണൊരുങ്ങുന്നത്.

************************************

**മാലിന്യ സംസ്കരണം - കണ്ണൂർ (ഇൻട്രോ)**

ഹരിത ശുചിത്വ പരിപാലന രംഗത്ത് മാതൃകപരമായ മുന്നേറ്റവുമായി കണ്ണൂർ ജില്ല. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ടു വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾക്കാണ് ജില്ലയിൽ തുടക്കം കുറിച്ചത്.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*************************************

ഹെഡ്ലൈൻ-5

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകുന്നേരം 7:30 ന് ഹൈദരാബാദിലാണ് മത്സരം.

RNU TVPM

*************************************

ഹെഡ്ലൈൻ-5എ

**ഐ ലീഗ് (ഇൻട്രോ)**

ഐ-ലീഗ് ഫുട്ബോൾ കലാശക്കളിയിൽ ഇന്ന് ഗോകുലം കേരള എഫ്സി, ഡെംപോ SC ഗോവയെ നേരിടും. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകുന്നേരം നാലിനാണ് മത്സരം.

**കൂടുതൽ വിവരങ്ങളുമായി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു..**

(വോയിസ്)

*************************************

## ഐഎസ്എൽ ഫുട്ബോൾ

ISL ഫുട്ബോളിൽ ഇന്ന് FC ഗോവ, ബംഗളൂരു FC-യുമായി ഏറ്റുമുട്ടും. ഗോവ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം.

**************************************

## മഴ

ചക്രവാതച്ചുഴിയുടെ സ്വാധീനത്താൽ സംസ്ഥാനത്ത് ഇന്ന് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നിർദ്ദേശം നൽകി. അതേസമയം തിരുവനന്തപുരം, കന്യാകുമാരി തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പുണ്ട്.

**************************************

RNU TVPM

## എട്ടാം ക്ലാസ് വാർഷിക പരീക്ഷ

മിനിമം മാർക്ക് അടിസ്ഥാനത്തിലുള്ള എട്ടാം ക്ലാസ് വാർഷിക പരീക്ഷയുടെ ഫലപ്രഖ്യാപനം ഇന്ന് നടക്കും. മിനിമം മാർക്ക് നേടാത്ത വിദ്യാർഥികൾക്കുള്ള പിന്തുണാ ക്ലാസുകൾക്ക് മറ്റന്നാൾ തുടക്കമാകും.

**************************************

## യുവാവിന്റെ ആത്മഹത്യ - സസ്പെൻഷൻ

കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ യുവാവ് ആത്മഹത്യ ചെയ്ത സംഭവത്തിൽ രണ്ട് പോലീസ് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ.

ASI ദീപ, CPO ശ്രീജിത്ത് എന്നിവരെയാണ് സസ്പെൻഡ് ചെയ്തത്. ആത്മഹത്യക്ക് കാരണം ജാഗ്രത കുറവെന്നാണ് കണ്ടെത്തൽ.

***********************************

## കാഞ്ഞാർ സോമനാഥ്

തിരക്കഥാ രചയിതാവും പ്രമുഖ നോവലിസ്റ്റുമായ കാഞ്ഞാർ സോമനാഥ് നിര്യാതനായി. മംഗളം, മനോരമ, മാതൃഭൂമി തുടങ്ങിയ പത്രങ്ങളിലും മറ്റ് വാരാന്ത്യ, മാസാദ്യ പ്രസിദ്ധീകരണങ്ങളിലും സോമനാഥ് എഴുതിയ നോവൽ പ്രസിദ്ധീകിച്ചിട്ടുണ്ട്.

***********************************

## കണ്ണൂർ ബസ് തൊഴിലാളി - ബോണസ്

PRIU TVPM

കണ്ണൂർ ജില്ലയിലെ ബസ് തൊഴിലാളികൾക്ക് 2024-25 വർഷത്തെ ബോണസ് ഈ മാസം പത്തിനുള്ളിൽ വിതരണം ചെയ്യും. ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിലാണ് തീരുമാനം.

***********************************

## കോഴിക്കോട് കുന്നമംഗലം - അപകടം

കോഴിക്കോട് കുന്നമംഗലത്ത് പത്താം മൈൽ KSRTC ബസും ബൈക്കും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരൻ മരിച്ചു. മലപ്പുറം മഞ്ചേരി സ്വദേശി മുഹമ്മദ് ജസീലാണ് മരിച്ചത്. മറ്റൊരാളെ പരുക്കുകളോടെ മെഡിക്കൽ കോളെജിൽ പ്രവേശിപ്പിച്ചു.

*

*********************

*************************************************

RNU TVPM